Reg. No. : ..................................

Name : ..........................................

**ME 650**

# FIRST YEAR HIGHER SECONDARY MODEL EXAMINATION, JUNE 2022

## Part – III

## ACCOUNTANCY WITH COMPUTERISED ACCOUNTING

**Maximum : 60 Scores**

Time : 2 Hours

Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**I. Answer any eight questions from 1 to 9. Each carries 1 score.** **(8×1=8**

1) Land and Buildings is an example of
   a) Current Assets
   b) Fixed Assets
   c) Fictitious Assets
   d) Intangible Assets

2) The act of transferring an entry or item from a book of original entry to the proper account in a ledger is known as
   a) Journalising  b) Posting
   c) Balancing  d) Accounting

3) Purchase of furniture on credit will be recorded in which of the following special journal ?
   a) Cash Book  b) Purchase Book
   c) Sales Book  d) Journal Proper

4) Cash sales of ₹ 1,200 is wrongly recorded as ₹ 2,100. It is an example of ___ error.
   a) Compensating error
   b) Error of principle
   c) Error of omission
   d) Error of commission

5) Writing-off the cost of intangible assets like patents, copyright, goodwill etc. is termed as
   a) Depreciation  b) Depletion
   c) Amortisation  d) Fluctuation

6) The statement prepared to ascertain the financial position of a business is
   a) Trading account
   b) Profit and Loss account
   c) Trial balance
   d) Balance sheet

Score

I. 1 മുതൽ 9 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും എട്ട് എണ്ണത്തിന് ഉത്തരം എഴുതുക. 1 സ്കോർ വീതം. (8×1=8)

1) ഭൂമിയും കെട്ടിടങ്ങളും __________ ന് ഒരു ഉദാഹരണമാണ്.
   a) പ്രചലിത ആസ്തികൾ
   b) സ്ഥിര ആസ്തികൾ
   c) സാങ്കല്പിക ആസ്തികൾ
   d) അദൃശ്യ ആസ്തികൾ

2) ബുക്ക് ഓഫ് ഒറിജിനൽ എൻട്രിയിൽ നിന്ന് ഒരു ലെഡ്ജറിലെ ശരിയായ അക്കൗണ്ടിലേക്ക് ഒരു എൻട്രിയോ ഇനമോ മാറ്റുന്ന പ്രവൃത്തി അറിയപ്പെടുന്നത് __________ എന്നാണ്.
   a) ജേർണലൈസിംഗ്
   b) പോസ്റ്റിംഗ്
   c) ബാലൻസിംഗ്
   d) അക്കൗണ്ടിംഗ്

3) ഫർണിച്ചർ കടത്തിന് വാങ്ങിയത് താഴെപ്പറയുന്നവയിൽ ഏത് പ്രത്യേക ജേണലിൽ രേഖപ്പെടുത്തും ?
   a) ക്യാഷ് ബുക്ക്
   b) പർച്ചേസ് ബുക്ക്
   c) സെയിൽസ് ബുക്ക്
   d) ജേർണൽ പ്രോപ്പർ

4) 1,200 രൂപയ്ക്ക് പണത്തിന് വിൽപ്പന നടത്തിയത് ₹ 2,100 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഇത് ________ പിശകിന് ഉദാഹരണമാണ്.
   a) സ്വയം പരിഹൃത പിശക്
   b) താത്വിക പിശക്
   c) വിട്ടുപോകൽ പിശക്
   d) നിർവ്വഹണ പിശക്

5) പേറ്റന്റുകൾ, പകർപ്പവകാശം, ഗുഡ്‌വിൽ തുടങ്ങിയ അദൃശ്യ ആസ്തികളുടെ വില എഴുതിത്തള്ളുന്നതിനെ വിളിക്കുന്ന പേര്.
   a) ഡിപ്രീസിയേഷൻ
   b) ഡിപ്ലീഷൻ
   c) അമോർട്ടൈസേഷൻ
   d) ഫ്ലക്ച്വേഷൻ

6) ഒരു ബിസിനസ്സിന്റെ സാമ്പത്തിക സ്ഥിതി അറിയാൻ തയ്യാറാക്കുന്ന പ്രസ്താവനയാണ്
   a) ട്രേഡിംഗ് അക്കൗണ്ട്
   b) ലാഭനഷ്ട അക്കൗണ്ട്
   c) ട്രയൽ ബാലൻസ്
   d) ബാലൻസ് ഷീറ്റ്

7) Rent received in advance is

a) an asset
b) a liability
c) an expense
d) an income

8) Under single entry system, credit purchases of goods during the year can be ascertained by preparing

a) Total creditors account
b) Total debtors account
c) Cash account
d) Statement of affairs

9) A set of programmes used to work hardware is called

a) Software
b) User
c) Data
d) Connectivity

**II. Answer any four questions from 10 to 15. Each carries 2 score.** **(4×2=8)**

10) Classify the following users of accounting information into internal and external users.

a) Finance Manager
b) Chairman
c) Bank
d) SEBI

11) Briefly explain any one of the accounting concepts given below :

a) Money measurement concept
b) Matching concept

12) Explain 'Bank Reconciliation Statement'.

13) a) What do you mean of 'days of grace' in relation to Bill of exchange ?

b) Arun draws a bill of exchange on 1st October 2021 for a period of 3 months. Calculate due date of the bill.

14) What is meant by marshalling of Assets and Liabilities ?

15) Briefly explain about the components of a computer hardware.

Score

7) മുൻകൂട്ടി ലഭിച്ച വാടക ഒരു ________ ആണ്.

a) ആസ്തി
b) ബാധ്യത
c) ചെലവ്
d) വരുമാനം

8) സിംഗിൾ എൻട്രി സമ്പ്രദായത്തിൽ, തനത് വർഷം സാധനങ്ങൾ കടത്തിന് വാങ്ങിയ തുക ________ തയ്യാറാക്കുന്നതിലൂടെ കണ്ടെത്താനാകും.

a) ടോട്ടൽ ക്രെഡിറ്റേഴ്സ് അക്കൗണ്ട്
b) ടോട്ടൽ ഡെബ്റ്റേഴ്സ് അക്കൗണ്ട്
c) ക്യാഷ് അക്കൗണ്ട്
d) സ്റ്റേറ്റ്മെന്റ് ഓഫ് അഫയേഴ്സ്

9) ഹാർഡ്‌വെയർ പ്രവർത്തിക്കാൻ ഉപയോഗിക്കുന്ന ഒരു കൂട്ടം പ്രോഗ്രാമുകളെ വിളിക്കുന്ന പേര്.

a) സോഫ്റ്റ്‌വെയർ
b) യൂസർ
c) ഡാറ്റ
d) കണക്റ്റിവിറ്റി

**II. 10 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാല് എണ്ണത്തിന് ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(4×2=8)**

10) അക്കൗണ്ടിംഗ് വിവരങ്ങളുടെ താഴെപ്പറയുന്ന ഉപയോക്താക്കളെ ആന്തരികവും ബാഹ്യവുമായ ഉപയോക്താക്കളായി തരം തിരിക്കുക.

a) ഫിനാൻസ് മാനേജർ
b) ചെയർമാൻ
c) ബാങ്ക്
d) സെബി

11) താഴെ നൽകിയിരിക്കുന്നവയിൽ ഏതെങ്കിലും ഒരു അക്കൗണ്ടിംഗ് തത്വം ചുരുക്കി വിവരിക്കുക.

a) പണമായി അളക്കൽ തത്വം
b) പൊരുത്തപ്പെടുത്തൽ തത്വം

12) 'ബാങ്ക് അനുരഞ്ജന പട്ടിക' വിശദീകരിക്കുക.

13) a) വിനിമയ ബില്ലുമായി ബന്ധപ്പെട്ട് 'കാരുണ്യ ദിനങ്ങൾ' എന്നതുകൊണ്ട് നിങ്ങൾ അർത്ഥമാക്കുന്നതെന്താണ് ?

b) അരുൺ 2021 ഒക്ടോബർ 1 ന് 3 മാസ ത്തേക്ക് ഒരു എക്സ്ചേഞ്ച് ബിൽ എഴുതി. ബില്ലിന്റെ കാലാവധി ദിനം കണക്കാക്കുക.

14) ആസ്തികളുടെയും ബാധ്യതകളുടെയും മാർഷലിംഗ് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ?

15) ഒരു കമ്പ്യൂട്ടർ ഹാർഡ്‌വെയറിന്റെ ഘടകങ്ങളെ കുറിച്ച് ചുരുക്കമായി വിശദീകരിക്കുക.

**III. Answer any three questions from 16 to 19. Each carries 3 score.** **Score (3×3=9)**

16) Briefly explain any three Qualitative Characteristics of Accounting Information.

17) Fill the blanks as per hint given :

**Hint** : a) Increase in an asset – Debit

a) Decrease in a Liability – ___?___

b) Increase in an income – ___?___

c) Increase in an expense – ___?___

18) Record the following transactions in a Sales Day Book of a Excel Woods Furnitures.

01-06-2021 Sold to Kamal Traders as per Invoice No. 94 :

10 Chairs @ ₹ 400 each.

5 Tables @ ₹ 3,000 each.

Trade discount @ 10%.

15-06-2021 Sold to Raja Traders as per Invoice No. 95 :

3 Dining tables @ ₹ 8,000 each.

Trade discount @ 5%.

19) Find out the amount of profit from the given details under capital comparison method.

| | |
|---|---|
| Capital at the beginning of year (April 01, 2021) | ₹ 60,000 |
| Capital at the end of year (March 31, 2022) | ₹ 1,00,000 |
| Additional Capital introduced by the proprietor during the year | ₹ 25,000 |
| Withdrawals by the proprietor during the year | ₹ 15,000 |

Score

III. 16 മുതൽ 19 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്ന് എണ്ണത്തിന് ഉത്തരം എഴുതുക. 3 സ്കോർ വീതം. (3×3=9)

16) അക്കൗണ്ടിംഗ് വിവരങ്ങളുടെ ഏതെങ്കിലും മൂന്ന് ഗുണപരമായ സവിശേഷതകൾ സംക്ഷിപ്തമായി വിവരിക്കുക.

17) നൽകിയിരിക്കുന്ന സൂചന അനുസരിച്ച് പൂരിപ്പിക്കുക.

സൂചന : എ) ഒരു ആസ്തിയുടെ വർദ്ധനവ് – ഡെബിറ്റ്

എ) ഒരു ബാധ്യതയിൽ കുറവ് – ___?___

ബി) വരുമാനത്തിൽ വർദ്ധനവ് – ___?___

സി) ചെലവിൽ വർദ്ധനവ് – ___?___

18) ഒരു എക്സൽ വുഡ്സ് ഫർണിച്ചറിന്റെ സെയിൽസ് ഡേ ബുക്കിൽ താഴെപ്പറയുന്ന ഇടപാടുകൾ രേഖപ്പെടുത്തുക.

01-06-2021 ഇൻവോയ്സ് നമ്പർ 94 പ്രകാരം കമൽ ട്രേഡേഴ്സിന് വിറ്റു :

10 കസേര 400 രൂപ വീതം.

5 മേശ 3,000 രൂപ വീതം.

വ്യാപാര കിഴിവ് @ 10%.

15-06-2021 ഇൻവോയ്സ് നമ്പർ 95 പ്രകാരം രാജാ ട്രേഡേഴ്സിന് വിറ്റു :

3 ഡൈനിംഗ് ടേബിളുകൾ 8,000 രൂപ വീതം

വ്യാപാര കിഴിവ് @ 5%.

19) മൂലധന താരതമ്യ രീതി അനുസരിച്ച് നൽകിയിരിക്കുന്ന വിശദാംശങ്ങളിൽ നിന്ന് ലാഭം എത്ര എന്ന് കണ്ടെത്തുക.

| | |
|---|---|
| വർഷാരംഭ മൂലധനം (2021 ഏപ്രിൽ 01) | ₹ 60,000 |
| വർഷാന്ത്യ മൂലധനം, അതായത് (2022 മാർച്ച് 31) | ₹ 1,00,000 |
| ഈ വർഷം ഉടമസ്ഥൻ കൊണ്ടുവന്ന അധിക മൂലധനം | ₹ 25,000 |
| ഈ വർഷം ഉടമസ്ഥൻ പിൻവലിച്ച തുക | ₹ 15,000 |

Score

IV. **Answer any three questions from 20 to 23. Each carries 4 score.** **(3×4=12)**

20) Match the following :

| A | B |
|---|---|
| a) Business Entity Concept | 1) Assets = Liabilities + Capital |
| b) Dual Aspect Concept | 2) Business has Indefinite Life |
| c) Going Concern Concept | 3) Policy of playing safe |
| d) Conservatism Concept | 4) Owner is treated as creditor |

21) a) Explain the term Depreciation.

b) State any three causes of Depreciation.

22) On 1st April 2021, Varghese sold goods on credit to Rajeev for ₹ 5,000. On the same day Varghese draws a bill of exchange for three months and the same was accepted by Rajeev and returned. On 4th April, he discounted the bill with his bankers for ₹ 4,800. Pass necessary journal entries in the books of Varghese to record the above transactions.

23) Pass adjusting entries for the following.
Salary Outstanding ₹ 2,400
Commission received in advance ₹ 650

V. **Answer any three questions from 24 to 28. Each carries 5 score.** **(3×5=15)**

24) Record the following transactions in the Journal of Marvel Traders.

| Date | Details |
|---|---|
| 01.4.2021 | Business started with cash ₹ 1,50,000. |
| 01.4.2021 | Purchased goods from Manisha ₹ 36,000. |
| 02.4.2021 | Opened a bank account with SBI for ₹ 35,000. |
| 02.4.2021 | Stationery purchased for cash ₹ 2,200. |
| 04.4.2021 | Insurance premium paid by cheque ₹ 6,000. |

Score

IV. 20 മുതൽ 23 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്ന് എണ്ണത്തിന് ഉത്തരം എഴുതുക. 4 സ്കോർ വീതം. (3×4=12)

20) താഴെപ്പറയുന്നവ പൊരുത്തപ്പെടുത്തുക :

| A | B |
|---|---|
| a) ബിസിനസ്സ് അസ്തിത്വ തത്വം | 1) ആസ്തികൾ = ബാധ്യതകൾ + മൂലധനം |
| b) ഇരു ഘടക തത്വം | 2) ബിസിനസ്സിന് അനിശ്ചിതകാല ജീവിതമുണ്ട് |
| c) സ്ഥാപന തുടർച്ചാ തത്വം | 3) സുരക്ഷിതമായി പ്രവർത്തിക്കാനുള്ള നയം |
| d) മുൻകരുതൽ തത്വം | 4) ഉടമയെ കടക്കാരനായി കണക്കാക്കുന്നു |

21) എ) ഡിപ്രീസിയേഷൻ എന്ന പദം വിശദീകരിക്കുക.

ബി) ഡിപ്രീസിയേഷന്റെ ഏതെങ്കിലും മൂന്ന് കാരണങ്ങൾ എഴുതുക.

22) 2021 ഏപ്രിൽ 1-ന് വർഗ്ഗീസ് രാജീവിന് 5,000 രൂപയുടെ സാധനങ്ങൾ കടത്തിന് വിറ്റു. അതേ ദിവസം തന്നെ വർഗ്ഗീസ് മൂന്ന് മാസത്തെ എക്സ്ചേഞ്ച് ബില്ല് തയാറാക്കുകയും അത് രാജീവ് സ്വീകരിച്ച് ഒപ്പിട്ട് നൽകുകയും ചെയ്തു. ഏപ്രിൽ 4 -ന്, അദ്ദേഹം തന്റെ ബാങ്കിൽ 4,800 രൂപയ്ക്ക് ബില്ല് ഡിസ്ക്കൗണ്ട് ചെയ്തു.

മേൽപ്പറഞ്ഞ ഇടപാടുകൾ രേഖപ്പെടുത്തുന്നതിന് ആവശ്യമായ ജേണൽ എൻട്രികൾ വർഗ്ഗീസിന്റെ ബുക്കുകളിൽ രേഖപ്പെടുത്തുക.

23) താഴെപ്പറയുന്നവയ്ക്കായി ക്രമീകരണ എൻട്രികൾ എഴുതുക.

ശമ്പളം കുടിശ്ശിക ₹ 2,400

കമ്മീഷൻ മുൻകൂറായി ലഭിച്ചത് ₹ 650

V. 24 മുതൽ 28 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്ന് എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം. (3×5=15)

24) താഴെപ്പറയുന്ന ഇടപാടുകൾ മാർവൽ ട്രേഡേഴ്സിന്റെ ജേർണലിൽ രേഖപ്പെടുത്തുക.

| തീയതി | വിശദാംശങ്ങൾ |
|---|---|
| 01.4.2021 | 1,50,000 രൂപ മുതൽ മുടക്കി ബിസിനസ് ആരംഭിച്ചു. |
| 01.4.2021 | മനീഷയിൽ നിന്ന് 36,000 രൂപയ്ക്ക് സാധനങ്ങൾ വാങ്ങി. |
| 02.4.2021 | എസ്. ബി. ഐയിൽ 35,000 രൂപയ്ക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങി. |
| 02.4.2021 | 2,200 രൂപയ്ക്ക് സ്റ്റേഷനറി വാങ്ങി. |
| 04.4.2021 | ഇൻഷുറൻസ് പ്രീമിയത്തിന് 6,000 രൂപയുടെ ചെക്ക് നൽകി. |

25) From the following information prepare bank reconciliation statement of M/s. Riya Traders on May 31, 2021.

1) Bank balance as per cash book on May 31, 2021 ₹ 25,000
2) Cheque issued but not presented for payment ₹ 2,850.
3) Cheque deposited into the bank, but not collected and credited ₹ 2,000.
4) Amount directly deposited by a customer into bank ₹ 1,000.
5) Bank charges debited by the bank ₹ 350.

26) Prepare a trial balance as on 31st March 2021 of Mr. Anil from the following details :

| **Account Head** | ₹ |
|---|---|
| Capital | 30,000 |
| Machinery | 27,500 |
| Purchases | 37,000 |
| Sales | 53,500 |
| Debtors | 12,800 |
| Creditors | 7,300 |
| Cash | 4,700 |
| Rent Paid | 4,000 |
| Interest received | 1,200 |
| Wages paid | 6,000 |

27) Calculate cost of goods sold and gross profit/gross loss from the following information.

| **Items** | ₹ |
|---|---|
| Opening stock | 6,000 |
| Purchases | 24,000 |
| Closing stock | 8,700 |
| Wages | 6,700 |
| Sales | 48,000 |

Score

25) ചുവടെ നൽകിയിരിക്കുന്ന വിശദാംശങ്ങളിൽ നിന്ന് M/s റിയ ട്രേഡേഴ്സിന്റെ 2021 മെയ് 31 ലെ ബാങ്ക് അനുരഞ്ജന പട്ടിക തയ്യാറാക്കുക.

1) 2021 മെയ് 31 ലെ ക്യാഷ് ബുക്ക് പ്രകാരം ബാങ്ക് ബാലൻസ് ₹ 25,000
2) 2,850 രൂപയുടെ ചെക്ക് ഇഷ്യൂ ചെയ്തെങ്കിലും പേയ്മെന്റിനായി ഹാജരാക്കിയിട്ടില്ല.
3) ബാങ്കിൽ നിക്ഷേപിച്ച 2,000 രൂപയുടെ ചെക്ക് അവർ ശേഖരിച്ച് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തില്ല.
4) ഒരു ഉപഭോക്താവ് നേരിട്ട് ബാങ്കിൽ നിക്ഷേപിച്ച തുക ₹ 1,000.
5) ബാങ്ക് ഡെബിറ്റ് ചെയ്ത ബാങ്ക് ചാർജുകൾ ₹ 350.

26) താഴെപ്പറയുന്ന വിശദാംശങ്ങളിൽ നിന്ന് ശ്രീ. അനിലിന്റെ 2021 മാർച്ച് 31-ലെ ഒരു ട്രയൽ ബാലൻസ് തയ്യാറാക്കുക.

| അക്കൗണ്ട് ശീർഷകം | ₹ |
|---|---|
| മൂലധനം | 30,000 |
| മെഷിനറി | 27,500 |
| വാങ്ങലുകൾ | 37,000 |
| വിൽപ്പന | 53,500 |
| ഡെബ്റ്റേഴ്സ് | 12,800 |
| ക്രെഡിറ്റേഴ്സ് | 7,300 |
| പണം | 4,700 |
| നൽകിയ വാടക | 4,000 |
| കിട്ടിയ പലിശ | 1,200 |
| നൽകിയ കൂലി | 6,000 |

27) ഇനിപ്പറയുന്ന വിവരങ്ങളിൽ നിന്ന് വിറ്റ സാധനങ്ങളുടെ വിലയും മൊത്ത ലാഭവും മൊത്ത നഷ്ടവും കണക്കാക്കുക.

| Items | ₹ |
|---|---|
| ഓപ്പണിംഗ് സ്റ്റോക്ക് | 6,000 |
| വാങ്ങലുകൾ | 24,000 |
| ക്ലോസിംഗ് സ്റ്റോക്ക് | 8,700 |
| കൂലി | 6,700 |
| വിൽപ്പന | 48,000 |

28) a) What is Computerised Accounting System ?

b) Write any four merits of computerised accounting system.

**VI. Answer any one question from 29 to 30. Carries 8 score.** **(1×8=8)**

29) Prepare a double column cash book from the following transactions of M/s. Tharun Associates for the month of January 2021.

| 2021 | | ₹ |
|---|---|---|
| Jan. 01 | Cash in hand | 7,500 |
| | Cash at Bank | 23,200 |
| Jan. 04 | Wage paid | 400 |
| Jan. 05 | Sold goods for cash | 6,500 |
| Jan. 07 | Purchased goods and paid by cheque | 3,750 |
| Jan. 09 | Purchased furniture for cash | 4,300 |
| Jan. 11 | Cash paid to Rahim | 2,400 |
| Jan. 13 | Cash sales | 4,500 |
| Jan. 14 | Deposited into bank | 7,000 |
| Jan. 20 | Paid telephone bill by cheque | 600 |
| Jan. 27 | Paid rent | 1,800 |
| Jan. 29 | Withdrew from bank for Office use | 5,000 |

28) a) എന്താണ് കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് സിസ്റ്റം ? **Score**

b) കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് സിസ്റ്റത്തിന്റെ ഏതെങ്കിലും നാല് നേട്ടങ്ങൾ എഴുതുക.

**VI. 29 മുതൽ 30 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക. 8 സ്കോർ.**

**(1×8=8)**

29) M/s. തരുൺ അസോസിയേറ്റ്സിന്റെ താഴെപ്പറയുന്ന ഇടപാടുകളിൽ നിന്ന് 2021 ജനുവരി മാസത്തെ ഇരട്ട കോളം ക്യാഷ് ബുക്ക് തയ്യാറാക്കുക.

**2021**

| | | | ₹ |
|---|---|---|---|
| ജനുവരി | 01 | കയ്യിലുള്ള പണം | 7,500 |
| | | ബാങ്കിലെ പണം | 23,200 |
| ജനു. | 04 | കൂലി നൽകി | 400 |
| ജനു. | 05 | പണത്തിന് സാധനങ്ങൾ വിറ്റു | 6,500 |
| ജനു. | 07 | ചെക്ക് നൽകി സാധനങ്ങൾ വാങ്ങി | 3,750 |
| ജനു. | 09 | പണത്തിന് ഫർണിച്ചറുകൾ വാങ്ങി | 4,300 |
| ജനു. | 11 | റഹീമിന് പണം നൽകി | 2,400 |
| ജനു. | 13 | പണത്തിന് വിൽപ്പന | 4,500 |
| ജനു. | 14 | ബാങ്കിൽ നിക്ഷേപിച്ചു | 7,000 |
| ജനു. | 20 | ടെലിഫോൺ ബിൽ ചെക്ക് ആയി അടച്ചു | 600 |
| ജനു. | 27 | വാടക നൽകി | 1,800 |
| ജനു. | 29 | ഓഫീസ് ഉപയോഗത്തിന് ബാങ്കിൽ നിന്ന് പിൻവലിച്ചു | 5,000 |

30) From the following Trial Balance you are required to prepare trading and Profit and Loss Account for the year ending March 31, 2021 and Balance Sheet on that date.

| Particulars | Amount (₹) | Amount (₹) |
|---|---|---|
| Opening stock | 17,500 | |
| Purchases | 68,600 | |
| Sales | | 1,24,000 |
| Furniture | 18,500 | |
| Creditors | | 10,200 |
| Bank Loan | | 20,000 |
| Interest | | 800 |
| Carriage inwards | 4,500 | |
| Wages | 5,200 | |
| Debtors | 18,000 | |
| Capital | | 80,000 |
| Sales Returns | 2,000 | |
| Insurance premium | 8,200 | |
| Cash in hand | 5,300 | |
| Cash at Bank | 14,600 | |
| Buildings | 72,600 | |
| | **2,35,000** | **2,35,000** |

**Adjustments :**

1) Closing stock valued at ₹ 16,000.
2) Wages due but not paid ₹ 2,300
3) Insurance premium paid in advance ₹ 1,200.
4) Interest due but not received ₹ 200.
5) Depreciate furniture by 10%.

Score

30. താഴെപ്പറയുന്ന ട്രയൽ ബാലൻസിൽ നിന്ന് 2021 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തേക്കുള്ള ട്രേഡിംഗ് ആന്റ് പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ടും ആ തിയതിയിലെ ബാലൻസ് ഷീറ്റും തയ്യാറാക്കുക.

| വിവരങ്ങൾ | തുക (₹) | തുക (₹) |
|---|---|---|
| ഓപ്പണിംഗ് സ്റ്റോക്ക് | 17,500 | |
| വാങ്ങലുകൾ | 68,600 | |
| വിൽപ്പന | | 1,24,000 |
| ഫർണിച്ചർ | 18,500 | |
| ക്രെഡിറ്റേഴ്സ് | | 10,200 |
| ബാങ്ക് വായ്പ | | 20,000 |
| പലിശ | | 800 |
| ക്യാരേജ് ഇൻവേഡ്സ് | 4,500 | |
| വേതനം | 5,200 | |
| ഡെബ്റ്റേഴ്സ് | 18,000 | |
| മൂലധനം | | 80,000 |
| വിൽപ്പന മടക്കം | 2,000 | |
| ഇൻഷുറൻസ് പ്രീമിയം | 8,200 | |
| കയ്യിലുള്ള പണം | 5,300 | |
| ബാങ്കിലുള്ള പണം | 14,600 | |
| കെട്ടിടങ്ങൾ | 72,600 | |
| | **2,35,000** | **2,35,000** |

**ക്രമീകരണങ്ങൾ :**

1) വർഷാന്ത്യ സ്റ്റോക്ക് നീക്കിയിരിപ്പ് ₹ 16,000.
2) വേതനം കുടിശ്ശിക ₹ 2,300
3) ഇൻഷുറൻസ് പ്രീമിയം മുൻകൂറായി അടച്ചത് ₹ 1,200.
4) പലിശ കിട്ടാനുള്ളത് ₹ 200.
5) ഫർണിച്ചറിന് 10% ഡിപ്രീസിയേഷൻ കണക്കാക്കുക.